# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 752 — 20.03.2013 ൽ മറുപടിക്ക്

**താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ ഏറെ ആശ്രയിക്കുന്ന ആതുരാലയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ദിനംപ്രതി 700 ഓളം രോഗികൾ ഇവിടെ ചികിത്സ തേടിയെത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പകർച്ചവ്യാധികൾ ഉണ്ടാകാറുള്ള സമയങ്ങളിൽ ദിനംപ്രതി 800 ഓളം രോഗികൾ എത്താറുണ്ട്. സാധാരണ സമയങ്ങളിൽ 500 ൽ താഴെ രോഗികളെ ഒ.പി യിൽ എത്താറുള്ളൂ. |
| (സി) ഇവരിൽ മഹാഭൂരിപക്ഷവും ഗർഭിണികളും കുട്ടികളുമാണെന്ന കാര്യം അറിയാമോ; | (സി) താനൂർ സി.എച്ച്.സി യിൽ എല്ലാ വിധത്തിലുമുള്ള രോഗികളും എത്താറുണ്ട്. ഗർഭിണികളുടെയും കുട്ടികളുടെയും എണ്ണം ക്രമാതീതമായി കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ ഓപ്പറേഷൻ തിയേറ്ററും ജനറേറ്ററും മറ്റടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ടെന്ന കാര്യം അറിയാമോ; | (ഡി) അതെ |
| (ഇ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷ്യന്റെയും തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) സ്പെഷ്യാലിറ്റി കേഡർ സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സി.എച്ച്.സികളിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ